**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 163** **01-09-2022 - ൽ മറുപടിയ്ക്ക്**

**പറമ്പിക്കുളം- ആളിയാർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പറമ്പിക്കുളം-ആളിയാർ പദ്ധതിയുടെ ഭാഗമായ തമിഴ്നാട്ടിലുള്ള ആളിയാർ ഡാമിൽ നിന്ന് 120 കിലോമീറ്റർ അകലെയുള്ള ഒട്ടൻഛത്രത്തിലേക്ക് കുടിവെള്ളത്തിനായി ജലം കൊണ്ടുപോകുന്നതിന് തമിഴ്നാട് ഏകപക്ഷീയമായി തീരുമാനമെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | തമിഴ്നാട് സർക്കാരിന്റെ 09/05/2022 തീയതിയിലെ സ.ഉ (എം.എസ്) നമ്പർ 66/Municipal Administration & Water Supply Department ഉത്തരവ് പ്രകാരം ആളിയാർ നദിയിലെ ജലം ഉപയോഗിച്ച് തമിഴ്നാട്ടിലെ വിവിധ സ്ഥലങ്ങളായ ഒട്ടൻചത്രം മുൻസിപ്പാലിറ്റി, കീരനൂർ ടൗൺ പഞ്ചായത്ത്, നെയ്ക്കാർപട്ടി ടൗൺ പഞ്ചായത്ത്, ദിണ്ടിഗൽ, തിരുപ്പൂർ ജില്ലകളിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി 930 കോടി രൂപ അനുവദിച്ച് ഉത്തരവായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലായാൽ പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ ഭാരതപ്പുഴയുടെ തീരങ്ങൾ മരുഭൂമിയ്ക്ക് സമാനമാകുമെന്ന പ്രദേശവാസികളുടെ ആശങ്ക ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | പറമ്പിക്കുളം- ആളിയാർ കരാർ ഷെഡ്യൂൾ IIപാര 4 പ്രകാരം ഓരോ ജല വർഷവും ചിറ്റൂർപുഴ പ്രദേശത്തെ ജലസേചനത്തിനായി ഉപയോഗ യോഗ്യമല്ലാത്ത പ്രളയജലം ഒഴിച്ച് 7.25 ടി.എം.സി ജലം കേരളത്തിന് മണക്കടവ് വിയറിൽ ലഭ്യമാക്കേണ്ടതുണ്ട്. നിലവിൽ ആളിയാർ ഡാമിൽ നിന്നും തുറന്നു വിടുന്ന ജലവും മണക്കടവ് വിയറിനുമുകളിലുള്ള catchment-ൽ നിന്നുള്ള നീരൊഴുക്കും കൂടി ചേർന്നാണ് കേരളത്തിന് ഈ ജലം ലഭ്യമായിക്കൊണ്ടിരിക്കുന്നത്. തമിഴ്നാടിന്റെ പുതിയ പ്രൊപ്പോസൽ പ്രകാരം ഭാരതപ്പുഴ ബേസിനു പുറത്തുള്ള സ്ഥലങ്ങളിലേക്കും ആളിയാർ നദിയിലെ ജലം ലഭ്യമാക്കാൻ പദ്ധതിയുണ്ട് എന്ന് മനസ്സിലാക്കുന്നു. നിലവിൽ ജലദൗർലഭ്യം നേരിടുന്ന ഭാരതപ്പുഴ നദീതടത്തിൽ നിന്നും ജലം തിരിച്ചുവിടുന്നത് കേരളം ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ജലത്തിൽ കുറവു വരുത്തും. നിലവിൽ 7.25 ടി.എം.സി ജലം കൂടാതെ ഒഴുകിവരുന്ന ബാക്കിയുള്ള ജലത്തിന്റെ ഒരു ഭാഗവും ഭാരതപ്പുഴയിലെ വിവിധ ആവശ്യങ്ങൾക്കായി കേരളം ഉപയോഗിക്കുന്നുണ്ട്. ഭാരതപ്പുഴയിൽ, കേരളത്തിന് ധാരാളം കുടിവെള്ള പദ്ധതികൾ ഉണ്ട്. കരാർ പ്രകാരമുള്ള 7.25 ടി.എം.സി ജലം മാത്രം |

| | | | |
|---|---|---|---|
| | | | കേരളത്തിന് മണക്കടവ് വിയറിൽ അളന്നുതന്നതിനു ശേഷം, ബാക്കി ജലം തമിഴ്നാട് തിരിച്ചുവിട്ടാൽ അതു പറമ്പിക്കുളം-ആളിയാർ പദ്ധതിയിലെ കേരളത്തിന്റെ താത്പര്യത്തെ ദോഷകരമായി ബാധിക്കും. ഇപ്രകാരമുള്ള ജലത്തിന്റെ തിരിച്ചുവിടൽ കേരളത്തിലേക്കുള്ള നീരൊഴുക്കിനെ, പ്രത്യേകിച്ച് വേനൽക്കാലത്ത്, ഗുരുതരമായി ബാധിക്കുവാൻ സാധ്യതയുണ്ട്. കൂടാതെ പി.എ.പി കരാർ പ്രകാരം അധികമുള്ള പ്രളയജലം തമിഴ്നാടിനു വേണ്ടി മാത്രം ഉപയോഗിക്കുവാൻ വ്യവസ്ഥയില്ല. കേരളത്തിന് ചിറ്റൂർപ്പുഴ പ്രദേശത്തെ ജലസേചനത്തിനും, കുടിവെള്ളം ഉൾപ്പെടെയുള്ള മറ്റ് ആവശ്യങ്ങൾക്കും ഭാരതപ്പുഴയിലെ പാരിസ്ഥിതിക ഒഴുക്ക് നിലനിർത്തുന്നതിനും 7.25 ടി.എം.സിയിൽ കൂടുതൽ ജലം ആവശ്യമുണ്ട്. ഈ വിഷയം കേരളം കരാർ പുനരവലോകന ചർച്ചയിൽ നിരന്തരം ഉന്നയിച്ചു വരികയാണ്. മേൽ വിവരങ്ങൾ തമിഴ്നാട് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ട് വന്ന് പ്രസ്തുത കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട തുടർനടപടികൾ നിർത്തി വെക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ചീഫ് എഞ്ചിനീയർ, ISW, ചീഫ് എഞ്ചിനീയർ, WRD/PWD കോയമ്പത്തൂർ റീജിയൻ തമിഴ്നാടിനോട് 08/06/2022, 18/06/2022, 22/06/2022, 29/07/2022 എന്നീ തീയതികളിൽ കത്ത് മുഖേന ആവശ്യപ്പെടുകയും ചെയ്തിരുന്നു. കൂടാതെ പ്രസ്തുത പദ്ധതിയുടെ വിശദമായ പദ്ധതി രേഖ (DPR) കേരളത്തിന് നൽകണം എന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത കത്തുകളുടെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച വിവരം തമിഴ്നാട് സർക്കാരിന് ആവശ്യമായ നടപടികൾക്കായി കൈമാറിയതായി ചീഫ് എഞ്ചിനീയർ, WRD/PWD കോയമ്പത്തൂർ റീജിയൻ, തമിഴ്നാട്, 23/06/2022-ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ചു കൊണ്ട് തമിഴ്നാട് മുഖ്യമന്ത്രിക്ക് 03/08/2022-ൽ കത്തയച്ചിട്ടുണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (സി) | പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണാൻ നടപടികൾ സ്വീകരിച്ചു വരുന്നു. ഈ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട കേരളത്തിന്റെ ആശങ്കകൾ തമിഴ്നാട് സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ട് വന്ന് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട തുടർ നടപടികൾ നിർത്തിവെക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ചീഫ് എഞ്ചിനീയർ, ISW, ചീഫ് എഞ്ചിനീയർ, WRD/PWD കോയമ്പത്തൂർ റീജിയൻ, തമിഴ്നാടിനോട് 08/06/2022, |

| | | | |
|---|---|---|---|
| | | | 18/06/2022,22/06/2022,29/07/2022 എന്നീ തീയതികളിൽ കത്തുകൾ അയച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത പദ്ധതിയുടെ വിശദമായ പദ്ധതി രേഖ (DPR) കേരളത്തിന് നൽകണം എന്നാവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത കത്തുകളുടെ അടിസ്ഥാനത്തിൽ, ഇത് സംബന്ധിച്ച വിവരം തമിഴ്നാട് സർക്കാരിന് ആവശ്യമായ നടപടികൾക്കായി കൈമാറിയതായി ചീഫ് എഞ്ചിനീയർ, WRD/PWD കോയമ്പത്തൂർ റീജിയൻ, തമിഴ്നാട് 23/06/2022-ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. ഈ പദ്ധതിയെ പറ്റി കൂടുതൽ ആധികാരികമായതും വിശദവുമായിട്ടുള്ള വിവരങ്ങൾ (ഡി.പി.ആറും മറ്റ് അനുബന്ധ രേഖകളും) ലഭിക്കുന്നതിനായി വിവരാവകാശ നിയമം 2005 പ്രകാരം ഓൺലൈൻ ആയി തമിഴ്നാട് മുനിസിപ്പൽ അഡ്മിനിസ്ട്രേഷൻ & വാട്ടർ സപ്ലൈ ഡിപ്പാർട്ട്മെന്റിന് അപേക്ഷ സമർപ്പിക്കുകയും ഇതു പ്രകാരം 09/05/2022 തീയതിയിലെ സ.ഉ (എം.എസ്) നമ്പർ 66/ Municipal Administration & Water Supply Department ഉത്തരവിന്റെ പകർപ്പ് മാത്രം ലഭ്യമായിട്ടുണ്ട്. കൂടാതെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ തമിഴ്നാട് Water Supply & Drainage Board- ൽ നിന്ന് ലഭ്യമായ മറുപടി പ്രകാരം പ്രസ്തുത പദ്ധതി വിഭാവനം ചെയ്യുന്ന Daily Water Demand 37.26 MLDയും (വാർഷിക ഉപഭോഗം-13600 Million Litres) ആണെന്നും പദ്ധതി പ്രവർത്തനങ്ങൾ ഇപ്പോൾ Tendering Stage-ലും ടെൻഡർ തുറക്കുന്ന തീയതി 04/08/2022-ന് ആണെന്നും വിശദമായ പദ്ധതി രേഖ കേരളത്തിന് നൽകാൻ കഴിയില്ലെന്നുമാണ് പറഞ്ഞിരുന്നത്. ഈ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട തുടർനടപടികളിൽ നിന്ന്, സമവായം എത്തുന്നതു വരെ, വിട്ടു നിൽക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനും, ടെൻഡർ നടപടികൾ നിർത്തിവെക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും, വിശദമായ പ്രോജക്ട് റിപ്പോർട്ടും അനുബന്ധ രേഖകളും കേരളത്തിന് നൽകുന്നതിനും നടപടികൾ സ്വീകരിക്കണമെന്നും, 03/08/2022 തീയതിയിലെ സർക്കാർ അർദ്ധ ഔദ്യോഗിക കത്ത് നം. ISWC2/43/2022-ജ.വി.വ പ്രകാരം ബഹു. ജലവിഭവ വകുപ്പ് മന്ത്രി, ബഹു. തമിഴ്നാട് മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. കൂടാതെ അർദ്ധ ഔദ്യോഗിക കത്ത് നം. 1159/2022/CM, തീയതി 03/08/2022 പ്രകാരം പി.എ.പി കരാറിലെ |

| | | | |
|---|---|---|---|
| | | | വ്യവസ്ഥകൾക്കും, കേരളത്തിന്റെ താൽപര്യങ്ങൾക്കും വിരുദ്ധമായ നടപടികളിൽ നിന്നും തമിഴ്നാട് സർക്കാർ പിന്മാറണമെന്ന് ബഹു. തമിഴ്നാട് മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിയെ സംബന്ധിച്ച് സംസ്ഥാനത്തിന്റെ ആശങ്കകൾ അടുത്തു നടക്കാൻ പോകുന്ന 106-ാമത് ജോയിന്റ് വാട്ടർ റെഗുലേഷൻ (ജെ.ഡബ്ല്യൂ.ആർ) ബോർഡ് യോഗത്തിൽ കേരളം ശക്തമായി ഉന്നയിക്കുന്നതാണ്. |
| (ഡി) | ഒരു നദീതട പ്രദേശത്തു നിന്നും മറ്റൊരു നദീതട പ്രദേശത്തേക്ക് വെള്ളം നൽകരുതെന്ന സുപ്രീംകോടതി ഉത്തരവ് നിലനിൽക്കെ തമിഴ്നാടിന്റെ പ്രസ്തുത നടപടിയിൽ ആശങ്ക രേഖപ്പെടുത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളാൻ തയാറാകുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണാൻ നടപടികൾ സ്വീകരിച്ചു വരുന്നു. ഈ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട കേരളത്തിന്റെ ആശങ്കകൾ തമിഴ്നാട് സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ട് വന്ന് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട തുടർ നടപടികൾ നിർത്തിവെക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ചീഫ് എഞ്ചിനീയർ, ISW, ചീഫ് എഞ്ചിനീയർ, WRD/PWD കോയമ്പത്തൂർ റീജിയൻ, തമിഴ്നാടിനോട് 08/06/2022, 18/06/2022,22/06/2022,29/07/2022 എന്നീ തീയതികളിൽ കത്തുകൾ അയച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത പദ്ധതിയുടെ വിശദമായ പദ്ധതി രേഖ (DPR) കേരളത്തിന് നൽകണം എന്നാവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത കത്തുകളുടെ അടിസ്ഥാനത്തിൽ, ഇത് സംബന്ധിച്ച വിവരം തമിഴ്നാട് സർക്കാരിന് ആവശ്യമായ നടപടികൾക്കായി കൈമാറിയതായി ചീഫ് എഞ്ചിനീയർ, WRD/PWD കോയമ്പത്തൂർ റീജിയൻ, തമിഴ്നാട് 23/06/2022-ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. ഈ പദ്ധതിയെ പറ്റി കൂടുതൽ ആധികാരികമായതും വിശദവുമായിട്ടുള്ള വിവരങ്ങൾ (ഡി.പി.ആറും മറ്റു അനുബന്ധ രേഖകളും) ലഭിക്കുന്നതിനായി വിവരാവകാശ നിയമം 2005 പ്രകാരം ഓൺലൈൻ ആയി തമിഴ്നാട് മുനിസിപ്പൽ അഡ്മിനിസ്ട്രേഷൻ & വാട്ടർ സപ്ലൈ ഡിപ്പാർട്ട്മെന്റിന് അപേക്ഷ സമർപ്പിക്കുകയും ഇതു പ്രകാരം 09/05/2022 തീയതിയിലെ സ.ഉ (എം.എസ്) നമ്പർ 66/ Municipal Administration & Water Supply Department ഉത്തരവിന്റെ പകർപ്പ് മാത്രം ലഭ്യമായിട്ടുണ്ട്. കൂടാതെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ തമിഴ്നാട് Water Supply & Drainage Board- ൽ നിന്ന് ലഭ്യമായ മറുപടി പ്രകാരം പ്രസ്തുത പദ്ധതി വിഭാവനം ചെയ്യുന്ന Daily Water Demand 37.26 MLDയും (വാർഷിക ഉപഭോഗം-13600 Million Litres) ആണെന്നും പദ്ധതി പ്രവർത്തനങ്ങൾ ഇപ്പോൾ Tendering Stage-ലും ടെൻഡർ തുറക്കുന്ന തീയതി 04/08/2022- |

| | | | |
|---|---|---|---|
| | | | ന് ആണെന്നും വിശദമായ പദ്ധതി രേഖ കേരളത്തിന് നൽകാൻ കഴിയില്ലെന്നുമാണ് പറഞ്ഞിരുന്നത്. ഈ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട തുടർനടപടികളിൽ നിന്ന്, സമവായം എത്തുന്നതു വരെ, വിട്ടു നിൽക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനും, ടെൻഡർ നടപടികൾ നിർത്തിവെക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും, വിശദമായ പ്രോജക്ട് റിപ്പോർട്ടും അനുബന്ധ രേഖകളും കേരളത്തിന് നൽകുന്നതിനും നടപടികൾ സ്വീകരിക്കണമെന്നും, 03/08/2022 തീയതിയിലെ സർക്കാർ അർദ്ധ ഔദ്യോഗിക കത്ത് നം. ISWC2/43/2022-ജ.വി.വ പ്രകാരം ബഹു. ജലവിഭവ വകുപ്പ് മന്ത്രി, ബഹു. തമിഴ്‌നാട് മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. കൂടാതെ അർദ്ധ ഔദ്യോഗിക കത്ത് നം. 1159/2022/CM, തീയതി 03/08/2022 പ്രകാരം പി.എ.പി കരാറിലെ വ്യവസ്ഥകൾക്കും, കേരളത്തിന്റെ താൽപര്യങ്ങൾക്കും വിരുദ്ധമായ നടപടികളിൽ നിന്നും തമിഴ്‌നാട് സർക്കാർ പിന്മാറണമെന്ന് ബഹു. തമിഴ്‌നാട് മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിയെ സംബന്ധിച്ച് സംസ്ഥാനത്തിന്റെ ആശങ്കകൾ അടുത്തു നടക്കാൻ പോകുന്ന 106-ാമത് ജോയിന്റ് വാട്ടർ റെഗുലേഷൻ (ജെ.ഡബ്ല്യൂ.ആർ) ബോർഡ് യോഗത്തിൽ കേരളം ശക്തമായി ഉന്നയിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അടിയന്തിരം

GOVERNMENT OF KERALA

Pinarayi Vijayan

CHIEF MINISTER

D.O. No. 1159/2022/CM, Dated 03.08.2022

Dear Thiru Stalin Avargal,

Greetings from Kerala. 21/21

ISWC2/13/2022-WRD

I write this letter to invite your kind attention to the issues related to diversion of water not in accordance with the Parambikulam Aliyar Project (PAP) agreement. It has been brought to my notice that Government of Tamil Nadu has issued an order by the Water Supply and Administration Department dated May 9, 2022, sanctioning Rs. 930 crore for water supply schemes to various places like Oddanchatram, Keeranur, Neikarapatty by drawing water from Aliyar river through construction of a link canal. This is in violation of the PAP agreement.

As per the PAP agreement, Kerala is entitled to get 7.25 TMC water for the Chitoor river basin from Manacadavu weir. For ensuring the environmental flow of Bharatapuzha also, release of 7.25 TMC water is necessary. The new proposal of the Government of Tamil Nadu will result in diversion of water from Aliyar river and also all the floodwater to places other than in Bharatapuzha basin, which is already a deficit basin.

I request your urgent intervention to ensure that the provisions of the inter-State agreement with regard to release and utilisation of water including flood water are not contravened. Kind necessary directions to retract from proceeding further as per Government order aforesaid, which go against the PAP agreement, may be given at the earliest.

With regards,

Yours sincerely,

Pinarayi Vijayan

Thiru. M.K. Stalin<br>
Hon'ble Chief Minister of Tamil Nadu<br>
Secretariat, Chennai 600 009.

141, 3rd Floor, North Block<br>
Government Secretariat<br>
Thiruvananthapuram Pin 695001

T 0471 2333241, 2333812, 2333610 F. 0471 2333489<br>
E chiefminister@kerala.gov.in<br>
facebook.com/cmokerala twitter.com/cmokerala<br>
www.keralacm.gov.in

Residence<br>
Cliff House<br>
T 0471 2318406, 2314853

ODDANCHATHRAM

17

റോഷി അഗസ്റ്റിൻ
ജലവിഭവ വകുപ്പ് മന്ത്രി
കേരള സർക്കാർ

തിരുവനന്തപുരം

തീയതി.............................

Dated:03/08/2022

**D.O. Letter No.ISWC2/43/2022/WRD**

Dear Thiru Stalin Avargal,

Hearty Greetings from Government of Kerala!

Apropos of G.O.(Ms.) No.66 dated 09/05/2022 of the Municipal Administration and Water Supply (WS.1) Department of Government of Tamil Nadu, may I bring your immediate attention to the following concerns of the State of Kerala:

- It is learned that Municipal Administration and Water Supply (WS.1) Department of Government of Tamil Nadu vide G.O.(Ms.)No.66 dated 09.05.2022 has accorded administrative sanction for the "Combined Water Supply Schemes to Oddanchatram Municipality, Keeranur and Neikarapatty town panchayats and 528 rural inhabitants in Dindigul and Tiruppur districts" with river Aliyar as source for an amount of Rs. 930 crores.

ഓഫീസ് : റൂം നമ്പർ 129, ഒന്നാം നില, നോർത്ത് ബ്ലോക്ക്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695 001

- As per Schedule-II Para 4 of the PAP agreement "The Government of Tamil Nadu shall supply annually at Manacadavu Weir near Kerala border 7.25 TMC ft of water exclusive of unutilizable flood water for assured irrigation of 20,000 acres in Kerala (including 5000 acres of Varthu Vitha)".

- Even though the state of Kerala is entitled to receive this much quantity during every water year, **the actual quantity received at Manacadavu weir during several water year falls short of the entitled quantity.**

- Out of 51 water years (from water years 1970-71 to 2020-21); the agreement quantity of 7.25 TMC ft was supplied during 34 Water years. The average quantity of water realised at Manacadavu weir for the last 51 water years (i.e from 1970-71 to 2020-21) is 10.869 TMC ft. The average quantity of water accepted at Manacadavu weir for the above period is 7.162 TMC ft. The average quantity of unutilised water for the above period is 3.707 TMC ft.

- The **entitled quantity of 7.25 TMC ft alone is not sufficient tomeet irrigation, drinking water and other requirements including those quantities**

**required to maintain E-flow (Environmental flow)** in Chitturpuzha stretch of Bharathapuzha. In this context the State of Kerala has been demanding a hike in the entitled quantity at Manacadavu weir in the PAP agreement review meetings.

- Any further diversion of water from Aliyar may significantly affect even the E -flow requirements in Bharathapuzha.

- The new proposal for which the administrative sanction is accorded is intended to draw water from the **Aliyar river** and to divert to different parts of Tamil Nadu (Dindigul and Tiruppur districts), most of which are not even in Bharathapuzha basin.

- It is very important that **both Dindigul and Tiruppur districts are coming under Cauvery Basin and Tamil Nadu has been allotted water under CWDT award.**

- If any water gets diverted as mentioned above, it would adversely affect the water management in PAP system. This proposal is totally against the spirit of the PAP agreement and violation of the norms stipulated in the agreement.

- Even though the Chief Engineer, ISW has requested repeatedly to the Chief Engineer, WRD/PWD Coimbatore region, Tamil Nadu to share the Detailed Project Report and allied documents and to take necessary steps to refrain from any further action regarding the implementation of the said scheme, neither the DPR nor the allied documents have been received till date. However, it was informed by Chief Engineer, WRD/PWD Coimbatore region, Tamil Nadu that the matter was brought to the notice of Government of Tamil Nadu for further directions in this regard.

- Water Supply & Drainage Board, Chennai stated that the **Daily Water Demand for the said project is 37.26 MLD with annual demand of 13600 Million litres.** They also informed that **project works are currently in Tendering Stage** and the **tender will be opened on 04/08/2022.** Further it is informed that the **detailed project report are intellectual properties of TWAD Board andcannot be shared with Kerala**.

- As per Schedule IV Para 2 of PAP agreement, it is clearly stated that "Free access shall be given by either State to the officers authorized by the Government of the other State to all dams and appurtenant structures covered by

this agreement constructed and maintained by them and also to all the records relating to the maintenance and operation of such dams and structures,constructed, under construction and to be constructed". **Thus Kerala has every right to get all the information about aproject envisaged from Aliyar river as source**.

- This kind of water withdrawal from the Aliyar River will hamper the flow of water to Kerala, **especially the summer flow.**

- Apart from that a **link canal** is also constructed by Tamil Nadu in Cauvery basin to connect the PAP system with canal of Uppar Dam in Dharapuram Taluk.

- This link canal has a length of 4.00 km which is fully lined along its entire length and with regulating arrangements at the takeoff points.

- This link canal is constructed as an extension of Ponnapuram Pudur branch canal (which takes off from Udumalpet canal originating from Thirumoorthy Dam). On local level enquiry, it was learnt that, water had not been conveyed through it since its construction.

- The link canal joins with the Right Bank canal taking off from the Uppar Dam.

- Tamil Nadu side has not shared the DPR of this completed link canal work even after repeated requests from Kerala.

- If any water gets diverted to Uppar canal in Cauvery basin, it would adversely affect the water management in PAP system.

- It is to be noted that the above action is a serious violation of PAP Agreement as it does not allow any inter basin transfer between PAP and Cauvery basins. The State of Kerala is not receiving its entitled quantity as per agreement in many of the water years. **Out of 51 water years, Tamil Nadu had fulfilled all the PAP Agreement conditions only in 6 water years.**

Taking into account the gravity of the aforesaid issues amounting to serious violation of the PAP Agreement conditions , I would like to request for your urgent full intervention in the matter and if you could please:-

**(i) direct the officials concerned from your side to share the Detailed Project Report and allied documents and to take necessary steps to refrain from any further action regarding the implementation of the said scheme, as per G.O.(Ms.) No.66 dated 09.05.2022.**

(ii) to issue necessary directions to the officials concerned to put on hold the Tender proceedings related to the aforesaid project, till a consensus is arrived at on the issue and our apprehensions in this regard are fully laid to rest.

(iii) direct the officials concerned to urgently share the DPR of the link canal constructed by Tamil Nadu in Cauvery basin to connect the PAP system with canal of Uppar Dam in Dharapuram Taluk.

I hope and would deeply appreciate if the State of Tamil Nadu would uphold the spirit of the PAP Agreement and address the concerns of the State of Kerala effectively.

Expecting an early positive response!

Yours Sincerely,

(ROSHY AUGUSTINE)

Thiru M K. Stalin
Hon'ble Chief Minister of Tamil Nadu
Secretariat, Chennai-600009